**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2233** **03-03-2025 - ൽ മറുപടിയ്ക്ക്**

**പെട്രോൾ പമ്പുകളിലെ ഇന്ധന അളവിലെ കൃത്രിമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ പെട്രോൾ പമ്പുകൾ വഴി വിതരണം ചെയ്യുന്ന ഇന്ധനങ്ങൾ യഥാർത്ഥ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കൃത്രിമങ്ങൾ തടയാൻ എന്തെല്ലാം പ്രതിരോധമാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഒറ്റപ്പെട്ട ചില സംഭവങ്ങൾശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും ആയതിനു ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>1. ഫ്യൂവൽ ഡിസ്പൻസറുകളിൽ ഓരോ വർഷവും ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർമാർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി മുദ്ര പതിപ്പിക്കുന്നു.<br><br>2. എല്ലാ ഔട്ട് ലെറ്റുകളിലും ഇന്ധന അളവ് ഉപഭോക്താക്കൾക്ക് ബോധ്യപ്പെടുത്തുന്നതിനും ഓരോ ദിവസവും ഇന്ധന വിൽപ്പനയ്ക്ക് മുമ്പ് അളവ് കൃത്യത, ഔട്ട് ലെറ്റ് ഉടമയ്ക്ക് ബോധ്യപ്പെടുത്തുതിനും, മുദ്ര പതിപ്പിച്ച ഒരു 5L/10L അളവു ഉപകരണം സൂക്ഷിച്ചിട്ടുണ്ട്.<br><br>3. 'ജാഗ്രത' എന്ന പേരിൽ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായും അല്ലാതെ പൊതുവായും പമ്പുകളിൽ മിന്നൽ പരിശോധന നടത്തിവരുന്നു.<br><br>4. വിവിധ എക്സിബിഷനുകളുടെ ഭാഗമായി ഇന്ധന വിതരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്തെ വിവിധ പെട്രോൾ പമ്പുകളിൽ അളവിൽ കൃത്രിമം കാണിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (ബി) | പെട്രോൾ പമ്പുകളിൽ അളവിൽ കുറച്ച് വിൽപ്പന നടത്തിയതിന് രണ്ട് സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് 15000/- രൂപ രാജിഫീസ് ഈടാക്കിയിട്ടുണ്ട്. പെട്രോൾ പമ്പുകളിൽ നടത്തിയ പരിശോധനയിൽ അനുവദനീയ അളവിൽ കുറവ് മെഷീന്റെ സാങ്കേതിക തകരാറ് മൂലം കണ്ടെത്തിയിട്ടുള്ള 5 സ്ഥാപനങ്ങളിലെ 8 നോസിലുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും, |

| | | | |
|---|---|---|---|
| | | | അളവിൽ കുറവ് പരിഹരിച്ച് മുദ്ര ചെയ്ത് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ